ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.12.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ശീതകാലസമ്മേളനത്തിൻറെ നാലാം ദിവസമായ ഇന്ന് പാർലമെൻറിൻറെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

**Proceedings are underway in both Houses of Parliament on the fourth day of the winter session,.**

2) പാർലമെൻറിൽ പ്രതിപക്ഷം ഉന്നയിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകുന്നില്ലെന്ന ആരോപണം നിഷേധിച്ച് കേന്ദ്ര മന്ത്രി ജെ.പി നഡ്ഡ.

**Union Minister and Leader of the House in the Rajya Sabha Jagat Prakash Nadda has rejected the Opposition's allegations that the government is avoiding discussion on issues raised by it.**

3) 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ - ഇന്ന് ഇന്ത്യയിലെത്തും.

**Russian President Vladimir Putin to arrive in New Delhi today on a two day visit to India for India–Russia Annual Summit.**

4) ഇന്ന് നാവിക സേനാ ദിനം. ആശംസകൾ നേർന്ന് രാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

**Navy Day is being celebrated today. President, Prime Minister, and other dignitaries have extended greetings.**

5) തദ്ദേശ തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു

**Preparations for the local body elections are progressing across the state.**

6) ശൈശവ വിവാഹ രഹിത ഭാരതത്തിനായുള്ള 100 ദിവസത്തെ തീവ്ര ബോധവൽക്കരണ പ്രചാരണ പരിപാടിക്ക് രാജ്യത്ത് തുടക്കം..

**A 100-day intensive awareness campaign against child marriage has begun across the country**

❁❁❁❁❁❁❁❁❁❁❁❁❁

**LS WAYANAD (INTRO)**

ശീതകാലസമ്മേളനത്തിൻറെ നാലാം ദിവസമായ ഇന്ന് പാർലമെൻറിൻറെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ചോദ്യോത്തരവേളയിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് കേന്ദ്രമന്ത്രിമാർ ഇരുസഭകളിലും മറുപടി നൽകി. വയനാട് തുരങ്കപാത നിർമ്മാണവുമായി

ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കാൻ നടപടികൾ പുരോഗമിക്കുകയാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ലോക്സഭയിൽ പറഞ്ഞു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പരിമിതികളും താമരശ്ശേരി ചുരത്തിൻറെ ഭൗമശാസ്ത്രപരമായ വിഷയങ്ങളും പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ പാതയുടെ നിർമ്മാണം നടപ്പാക്കുമെന്ന് കെ.രാധാകൃഷ്ണൻ എം.പിയുടെ ചോദ്യത്തിന് ഉത്തരമായി അദ്ദേഹം ലോക് സഭയിൽ വ്യക്തമാക്കി.

(വോയിസ്)

❋❋❋❋❋❋❋❋❋❋❋❋❋

**RS– NADDA – OPPOSITION**

പാർലമെൻറിൽ പ്രതിപക്ഷം ഉന്നയിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകുന്നില്ലെന്ന ആരോപണം നിഷേധിച്ച് കേന്ദ്ര മന്ത്രിയും, രാജ്യസഭാ കക്ഷിനേതാവുമായ ജെ.പി നഡ്ഡ. പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖർഗേയുടെ ആരോപണങ്ങൾക്ക് രാജ്യസഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. പ്രതിപക്ഷം ഉന്നയിച്ച എല്ലാ വിഷയങ്ങളിലും സർക്കാർ ചർച്ചയ്ക്ക് തയ്യാറാണെന്ന് ശ്രീ ജെ പി നഡ്ഡ പറഞ്ഞു. വന്ദേമാതരത്തിൻറെ 150-ആം വാർഷികം, വോട്ടർപട്ടിക പരിഷ്കരണം തുടങ്ങിയ വിഷയങ്ങൾ സഭയിൽ അടുത്ത ആഴ്ച ചർച്ച ചെയ്യാൻ സർവകക്ഷി യോഗത്തിൽ തീരുമാനിച്ചതായും അദ്ദേഹം വ്യക്തമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋

## PUTIN INDIA VISIT

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും.

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി വ്ളാഡിമിർ പുടിൻ നാളെ കൂടിക്കാഴ്ച നടത്തും. അന്താരാഷ്ട്ര, പ്രദേശിക തലത്തിലെ വിവിധ വിഷയങ്ങളെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്യും. വ്യാപാരം, വാണിജ്യം, ആരോഗ്യം, വിദ്യാഭ്യാസം, ഉൾപ്പെടെയുള്ള മേഖലകളിലെ നിരവധി കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവയ്ക്കും. റഷ്യൻ പ്രസിഡൻറിനോടുള്ള

ആദരാർത്ഥം രാഷ്ട്രപതി ദ്രൗപദി മുർമു ഒരുക്കുന്ന പ്രത്യേക വിരുന്നിലും പുടിൻ പങ്കെടുക്കും. ഇന്ത്യയുടെ ദീർഘകാല പങ്കാളിയായ റഷ്യയുമായുള്ള ബന്ധം രാജ്യത്തിൻറെ വിദേശനയത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനമാണ്. 2030 ഓടെ ഉഭയകക്ഷി വ്യാപാരം 100 ബില്യൺ ഡോളറാക്കി ഉയർത്താനാണ് ഇരു രാജ്യങ്ങളും ലക്ഷ്യമിടുന്നത്. 2024-25 കാലയളവിൽ ഇന്ത്യയ്ക്കും റഷ്യയ്ക്കുമിടയിലെ വ്യാപാരം 68.7 ബില്യണായി ഉയർന്ന് റെക്കോഡ് നേട്ടം കൈവരിച്ചിരുന്നു.

## RAJNATH- RUSSIAN DM

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും റഷ്യൻ പ്രതിരോധ മന്ത്രി ആൻഡ്രി ബെലോസോവും സൈനിക, സാങ്കേതിക സഹകരണം സംബന്ധിച്ച ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷൻ യോഗത്തിന് ന്യൂഡൽഹിയിൽ ഇന്ന്

സഹ-അധ്യക്ഷത വഹിക്കും. പ്രതിരോധ മേഖലയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ഇരു നേതാക്കളും അവലോകനം ചെയ്യും.

## PREZ VP PM NAVY DAY

ഇന്ന് നാവിക സേനാ ദിനം. 1971ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ നാവിക സേനയുടെ പോരാട്ട വീര്യവും കരുത്തും പ്രകടമാക്കിയ ഓപ്പറേഷൻ ട്രൈഡൻറിൻറെ ഓർമ്മക്കായാണ് ഡിസംബർ നാല് നാവിക സേനാ ദിനമായി ആഘോഷിക്കുന്നത്. നാവികസേനാ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള നേതാക്കൾ നാവികസേനാംഗങ്ങൾക്കും, വിമുക്തഭടന്മാർക്കും, ആശംസകൾ നേർന്നു. അച്ചടക്കത്തിൻറെയും, സഹാനുഭൂതിയുടെയും, ചുമതലാബോധത്തിൻറെയും പ്രതീകമായ ഇന്ത്യൻ നാവികസേന രാജ്യത്തിൻറെ നീല സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു

ആശംസാ സന്ദേശത്തിൽ പറഞ്ഞു. അസാധാരണമായ ധൈര്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പര്യായമാണ് ഇന്ത്യൻ നാവികസേനയെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ആത്മനിർഭരതയിൽ അടിയുറച്ച്, വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള രാജ്യത്തിൻറെ യാത്രയിൽ നാവിക സേന കരുത്ത് പകരുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**INDIAN CREW MEMBER**

ജൂലൈ മുതൽ യെമനിൽ തടങ്കലിൽ കഴിഞ്ഞിരുന്ന മലയാളിയായ കപ്പൽ ക്രൂ അംഗം അനിൽകുമാർ രവീന്ദ്രന്റെ മോചനത്തെ സ്വാഗതം ചെയ്ത് കേന്ദ്ര സർക്കാർ. ഹൂതി ആക്രമണത്തിൽ കാണാതായ എംവി എറ്റേണിറ്റി സി എന്ന കപ്പലിലെ ക്യൂ അംഗമായിരുന്ന അനിൽ കുമാർ ഇന്നലെയാണ് മോചിതനായി മസ്കറ്റിലെത്തിയത്. വൈകാതെ അദ്ദേഹം ഇന്ത്യയിലെത്തുമെന്നാണ് വിവരം. അനിൽകുമാറിന്റെ മോചനത്തിന് സൗകര്യമൊരുക്കിയ ഒമാൻ സുൽത്താനേറ്റിനോട് വിദേശകാര്യ മന്ത്രാലയം നന്ദി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ELECTION KERALA**

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജിതം. മുതിർന്ന നേതാക്കളടക്കം

പ്രചാരണ പരിപാടികളിൽ സജീവമാണ്. 75,644 സ്ഥാനാർത്ഥികളാണ് ഇക്കുറി തദ്ദേശ തിരഞ്ഞെടുപ്പിൽ ജനവിധി തേടുന്നത്. ഈ മാസം ഒൻപത്, പതിനൊന്ന് തീയതികളിലാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും. 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണ് സംസ്ഥാനത്തുടനീളം സജ്ജീകരിച്ചിട്ടുള്ളത്.

❋❋❋❋❋❋❋❋❋❋❋❋❋

**SIR PATHANAMTHITTA (INTRO)**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 55 ലക്ഷത്തി 14,591 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 91.61 ശതമാനമാണെന്നും അദ്ദേഹം അറിയിച്ചു. പത്തനംതിട്ട ജില്ലയിൽ S.I.R മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് പോകുന്നതായി ജില്ലാ കളക്ടർ എസ്.പ്രേംകൃഷ്ണൻ ആകാശവാണി വാർത്തകളോട് പറഞ്ഞു. ജനങ്ങളുടെ സംശയങ്ങൾ ദൂരീകരിച്ചു കൊണ്ടാണ് ജില്ലയിൽ നടപടികൾ നടന്നു വരുന്നതെന്നും, വലിയ തോതിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചതായും

അദ്ദേഹം അറിയിച്ചു.
(ഹോൾഡ് വോയിസ് കളക്ടർ)

❁❁❁❁❁❁❁❁❁❁❁❁❁

**CHILD MARRIAGE FREE BHARAT**

ശൈശവ വിവാഹ രഹിത ഭാരതത്തിനായുള്ള 100 ദിവസത്തെ തീവ്ര ബോധവൽക്കരണ പ്രചാരണ പരിപാടിക്ക് ന്യൂഡൽഹിയിൽ തുടക്കമായി. കേന്ദ്ര വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവി പ്രചാരണ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. ശൈശവ വിവാഹം അവസാനിപ്പിക്കുന്നത് സംബന്ധിച്ച പ്രതിജ്ഞയും മന്ത്രി ചടങ്ങിൻറെ ഭാഗമായി ചൊല്ലിക്കൊടുത്തു. ബാല വിവാഹ മുക്ത ഭാരതം പദ്ധതിക്ക് ഒരു വർഷം തികയുന്ന പശ്ചാത്തലത്തിലാണ് പ്രചാരണ പരിപാടിക്ക് തുടക്കം കുറിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**CEC IDEA (INTRO)**

ഇൻറർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസിൻറെ 2026ലെ അധ്യക്ഷ സ്ഥാനം മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഏറ്റെടുത്തു.

സംഘടനയുടെ 14 സ്ഥാപക രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. സ്വീഡനിൽ നടന്ന ചടങ്ങിൽ, ഇന്ത്യയുടെ ജനാധിപത്യ പ്രക്രിയയുടെ സവിശേഷതകളെക്കുറിച്ച് ശ്രീ. ഗ്യാനേഷ് കുമാർ വിശദീകരിച്ചു.

(ഹോൾഡ് വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**PM - INTL CHEETAH DAY**

വന്യജീവികളെ സ്നേഹിക്കുന്ന എല്ലാവർക്കും അന്താരാഷ്ട്ര ചീറ്റ ദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മൂന്ന് വർഷം മുമ്പ് ആരംഭിച്ച പ്രോജക്ട് ചീറ്റയുടെ വിജയം അനുസ്മരിച്ച പ്രധാനമന്ത്രി, നഷ്ടപ്പെട്ട പാരിസ്ഥിതിക പൈതൃകം പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം കൂടിയായിരുന്നു ഇതെന്ന് സമൂഹ മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**SL-SAGAR BANDHU**

ശ്രീലങ്കയിൽ ദിത്വാ ചുഴലിക്കാറ്റിൽ മരിച്ചവരുടെ എണ്ണം 479 ആയി . 350 പേരെ ഇനിയും കണ്ടെത്താനുണ്ട്. വരും ദിവസങ്ങളിൽ ശ്രീലങ്കയിൽ വീണ്ടും മോശം കാലാവസ്ഥയ്ക്ക് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ വെള്ളപ്പൊക്കവും, മണ്ണിടിച്ചിലും, അടിസ്ഥാന സൗകര്യങ്ങളുടെ തകർച്ചയും മൂലം നിരവധി ജില്ലകൾ

ഒറ്റപ്പെട്ട അവസ്ഥയിലാണ് . ഓപ്പറേഷൻ സാഗർ ബന്ധുവിലൂടെ ഇന്ത്യ

മേഖലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണ്. ബെയ്‌ലി പാലവും 500 ജലശുദ്ധീകരണ കിറ്റുകളും വ്യോമസേന വിമാനത്തിൽ ഇന്ത്യ ഇന്നലെ ശ്രീലങ്കയിലേക്ക് എത്തിച്ചു.

## IMD

പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ ഇന്ന് ശീതതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ മൂടൽമഞ്ഞിനും സാധ്യതയുണ്ട്. ഡൽഹിൽ വായു ഗുണനിലവാരം മോശം വിഭാഗത്തിൽ തന്നെ തുടരുകയാണ്.

## SUPER LEAGUE

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം എഫ്‌സി ഫോഴ്സ കൊച്ചി എഫ്‌സിയെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. പോയിന്റ് പട്ടികയിൽ കൊച്ചി ആറാമതും മലപ്പുറം അഞ്ചാമതുമാണ്.